"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - ശുചിത്വ മിഷനിൽ പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് (LID&EW) അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി. രശ്മി പി.എസ്സ്.-ന്റെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3242/2022/LSGD തീയതി,തിരുവനന്തപുരം, 30-12-2022

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10.05.2013.
2. സ.ഉ.(പി) നം. 580/2013/ധന തീയതി 28.11.2013.
3. സ.ഉ.(സാധാ) നം. 2765/2019/തസ്വഭവ തീയതി 05.12.2019.
4. സ.ഉ.(സാധാ) നം. 76/2021/തസ്വഭവ തീയതി 11.01.2021.
5. സ.ഉ.(സാധാ) നം. 2525/2021/തസ്വഭവ തീയതി 09.12.2021
6. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.12.2022ലെ 3692/ബി/2019/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വ മിഷനിൽ പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) തസ്തികയിൽ പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് (LID & EW) അസ്സിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. രശ്മി പി എസ്സ്-നെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4), (5) എന്നിവ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാരിയുടെ അന്യത്രസേവന കാലയളവ് 07.12.2022 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) ലെ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് (LID&EW) അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി. രശ്മി പി.എസ്സ്-ന്റെ ശുചിത്വ മിഷനിലെ പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) തസ്തികയിലെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും ഡെപ്യൂട്ടേഷൻ സംബന്ധിച്ച പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 07.12.2022 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ശ്രീമതി. രശ്മി. പി.എസ്. (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എസ്.എ/ എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/173/2022/LSGD)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 30-12-2022 12:37:55

സെക്ഷൻ ഓഫീസർ